# സംസ്ഥാനത്ത് 157 നീര ലൈസൻസുകൾ കൂടി -മന്ത്രി കെ. ബാബു

**കൊച്ചി:** സംസ്ഥാനത്ത് നീര ഉൽപാദനത്തിനും വിതരണത്തിനുമായി കൂടുതൽ ലൈസൻസ് അനുവദിക്കുന്നു. രണ്ടാംഘട്ട വിതരണം 16ന് ഉച്ചകഴിഞ്ഞ് മൂന്നിന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിക്കും. 173 ലൈസൻസുകളാണ് ഇതുവരെ അനുവദിച്ചത്. ഇതിൽ 16 ലൈസൻസുകൾ വിതരണം ചെയ്തു. ശേഷിക്കുന്ന 157 ലൈസൻസുകളാണ് രണ്ടാംഘട്ടത്തിൽ വിതരണം ചെയ്യുക. നാളികേര വികസന ബോർഡിന് കീഴിലെ നാളികേര ഉൽപാദക ഫെഡറേഷനുകൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 2013 സെപ്റ്റംബർ 23 നാണ് സംസ്ഥാനത്ത് ആദ്യമായി നീര ഉൽപാദിപ്പിക്കുന്നതിന് അനുമതി നൽകിയത്. നീരയുടെ ഉൽപാദനം, വിതരണം എന്നിവ പ്രായോഗികമാക്കുന്നതിന് 2014 ഫെബ്രുവരിയിൽ അബ്കാരി ചട്ടങ്ങളിൽ ഭേദഗതി വരുത്തി നാളികേര - നീര ബോർഡ് രൂപവത്കരിച്ചാണ് ഈ രംഗത്തെ സർക്കാർ അരങ്ങേറ്റം. കാർഷികോൽപാദന കമീഷണർ ചെയർമാനും എക്സൈസ് കമീഷണർ എക്സിക്യൂട്ടിവ് ഓഫിസറായുമായാണ് നാളികേര-നീര ബോർഡ്. നീരയുടെ ഉൽപാദന വിതരണവും അബ്കാരി നിയമങ്ങൾ പ്രകാരം എക്സൈസ് വകുപ്പിന്റെ നിയന്ത്രണത്തിലാണെങ്കിലും കള്ളുഷാപ്പുകളിൽ നീര വിൽപന നടത്താൻ അനുവദിക്കില്ലെന്ന് മന്ത്രി കെ. ബാബു വാർത്താസമ്മേളനത്തിൽ അറിയിച്ചു. എന്നാൽ, കള്ളുചെത്ത് മേഖലയിലുള്ളവർക്ക് നീര ചെത്തുന്നതിൽ മുൻഗണന നൽകും. ഒട്ടും തന്നെ മദ്യം കലർന്നിട്ടില്ലാത്ത പാനീയമാണ് നീര. നീര ഉപയോഗിച്ച് ശർക്കര, സിറപ്പ്, തേൻ, പഞ്ചസാര എന്നിവ ഉൽപാദിപ്പിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. നാളികേര കൃഷിയിൽ നിന്ന് പിൻമാറുന്ന ലക്ഷക്കണക്കിന് കേരകർഷകരെ ഉപയോഗിച്ച് നീര ഉൽപാദനത്തിന്റെ അനന്ത സാധ്യതകൾ കേരളത്തിന് മുതലെടുക്കാനാവുമെന്നും അതുവഴി കേരളത്തിന് സുസ്ഥിരമായ സാമ്പത്തിക അടിത്തറ ഇതിൽ നിന്ന് ഉണ്ടാക്കാമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കൃഷി മന്ത്രി കെ.പി. മോഹനൻ മുഖ്യാതിഥിയായിരിക്കും. നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നിർവഹിക്കും.